# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3695** — **20/06/2019-ൽ മറുപടിയ്ക്ക്**

## ബേബി പൗഡറിൽ ആസ്ബസ്റ്റോസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | ജോൺസൺസ് ബേബി പൗഡറിൽ ആസ്ബസ്റ്റോസ് അടങ്ങിയിരിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ജോൺസൺസ് ബേബി പൗഡറിൽ ആസ്ബസ്റ്റോസ് അടങ്ങിയിരിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ചില നവ മാധ്യമങ്ങളിൽ വന്നുവെങ്കിലും സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനിൽ നിന്നോ, മറ്റു സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോളർമാരിൽ നിന്നോ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായിട്ടില്ല. |
| ബി) | ബേബി പൗഡറുകളിലെ ആസ്ബസ്റ്റോസ് ഘടകം ക്യാൻസറിന് കാരണമാകുമെന്ന കാര്യം പരിശോധിക്കുമോ; | ബി) | ബേബി പൗഡറുകളിലെ ആസ്ബസ്റ്റോസ് ഘടകം ക്യാൻസറിന് കാരണമാകുമെന്ന് ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. |
| സി) | കേരളത്തിൽ വിൽക്കുന്ന കോസ്മെറ്റിക് സാധനങ്ങൾ പരിശോധിക്കുവാൻ നിലവിൽ സ്വീകരിക്കുന്ന രീതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സി) | ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാന വിപണിയിൽ ലഭ്യമായിട്ടുള്ള സൗന്ദര്യ വർദ്ധക ഉല്പന്നങ്ങളുടെ സാമ്പിളുകൾ അവരുടെ പതിവ് പരിശോധനാ വേളകളിൽ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതു കൂടാതെ, റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ/ സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ കോസ്മെറ്റിക്സ് നിർമ്മാണ യൂണിറ്റുകളിൽ നിന്നും ഗുണനിലവാര പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിച്ച് അയയ്ക്കാറുണ്ട്. ഇത്തരം സാമ്പിളുകൾ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണോ നിർമ്മിച്ചിരിക്കുന്നതെന്നാണ് സ്റ്റാറ്റ്യൂട്ടറി ലബോറട്ടറികളിൽ പരിശോധിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയ ഉൽപ്പന്നങ്ങൾ, കമ്പനികൾ എന്നിവ ഏതെല്ലാമാണെന്നും ഈ ഉൽപ്പന്നങ്ങൾ നിരോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | ഡി) | കോസ്മെറ്റിക് ഉല്പന്നങ്ങളുടെ ഗുണനിലവാര പരിശോധനയിൽ M/s Intergrow Brands Private Limited, ഉല്പാദിപ്പിക്കുന്ന 'Vieda Kachiya Enna' എന്ന ഉല്പന്നം, ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയതിനെ തുടർന്ന്, ഈ ഉല്പന്നത്തിന്റെ നിർമ്മാണവും വിതരണവും നിരോധിച്ചതുൾപ്പെടെയുള്ള നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ